5177
15/3/19

കേരള സർക്കാർ

സംഗ്രഹം

ശ്രീ.കെ.ജി.രാജൻ, റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരായ അച്ചടക്ക നടപടി - സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.420/2018/വനം തിരുവനന്തപുരം, തീയതി, 17/09/2018

പരാമർശം:- (1) 24.03.2017 ലെ സ.ഉ.(സാധാ) നം.105/2017/വനം ഉത്തരവ്

(2) 18.04.2017 ലെ സ.ഉ.(സാധാ) നം.152/2017/വനം ഉത്തരവ്

(3) 22.04.2017 ലെ 9469/എ1/2015/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(4) 28.04.2018 ലെ സ.ഉ.(സാധാ) നം.202/2018/വനം ഉത്തരവ്

(5) 14.05.2018 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ബി 2-36131/15 നമ്പർ കത്ത്

ഉത്തരവ്

ശ്രീമതി.വസന്തകുമാരി, ടിയാളുടെ മരണപ്പെട്ട ഭർത്താവിന്റെ സുഹൃത്തും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുമായ ശ്രീ.കെ.ജി.രാജൻ പലപ്പോഴായി ടിയാളിൽ നിന്നും 14,14,000/- രൂപ കടമായി വാങ്ങിയതിൽ 3 ലക്ഷം രൂപ മടക്കി നൽകിയെന്നും, ബാക്കി തുകയ്ക്ക് തന്ന ചെക്കുകൾ കളക്ഷനാകാതെ വന്നതിനെ തുടർന്ന് ടിയാനെതിരെ ബഹു.പുനലൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് മുൻപാകെ എസ്.റ്റി. 3750/13 നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി.

2) ടി വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി.വസന്തകുമാരി സർക്കാരിൽ ശ്രീ.കെ.ജി.രാജനെതിരെ സമർപ്പിച്ച പരാതിയിന്മേൽ പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേന അന്വേഷണം നടത്തി. സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ പൊതുജനങ്ങളുമായി സാമ്പത്തിക ഇടപാടുകൾ നടത്തുന്നത് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 16-ാം ചട്ടത്തിന്റെ ലംഘനമായതിനാൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്)

ശുപാർശ ചെയ്തു.

3) ശ്രീമതി.വസന്തകുമാരി ഫയൽ ചെയ്ത എസ്.റ്റി.3750/13 നമ്പർ കേസിൽ 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിലെ 138-ാം വകുപ്പിലെ CrPC 255(1), 357(3) വകുപ്പുകൾ പ്രകാരം ശ്രീ.കെ.ജി.രാജന് 3 മാസം തടവും, 11,10,000/- രൂപ പരാതിക്കാരിക്ക് നഷ്ടപരിഹാരം നൽകാനും, പിഴ അടയ്ക്കാത്ത പക്ഷം 2 മാസം കൂടി വെറും തടവ് അനുഭവിക്കുന്നതിനും 01.03.2017-ൽ ബഹു. കോടതി ശിക്ഷ വിധിച്ചു. പ്രസ്തുത വിധിന്യായം അനുസരിച്ച് ടിയാനെതിരെ നടപടി സ്വീകരിക്കുന്നതിനും നഷ്ടപരിഹാരത്തുക ഈടാക്കി നൽകുന്നതിനും ശ്രീമതി.വസന്തകുമാരി അപേക്ഷിക്കുകയുണ്ടായി. ശ്രീ.കെ.ജി.രാജൻ ടി കോടതി ഉത്തരവിനെതിരെ ക്രിമിനൽ അപ്പീൽ 37/2017 ഫയൽ ചെയ്തു.

4) കോടതി ശിക്ഷിച്ച സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 (1) (a) പ്രകാരം ശ്രീ.കെ.ജി.രാജനെ സർവ്വീസിൽ നിന്ന് പരാമർശം (1) പ്രകാരം സസ്പെന്റ് ചെയ്ത് ഉത്തരവായി. ടിയാൻ കൊല്ലം ജില്ലാ സെഷൻസ് കോടതിയിൽ ഫയൽ ചെയ്ത ക്രിമിനൽ അപ്പീൽ 37/17-ലെ ഉത്തരവ് അനുസരിച്ച് 'കൺവിക്ഷൻ' 10.04.2017 വരെ സ്റ്റേ ചെയ്തു. തുടർന്ന് അച്ചടക്ക നടപടിയ്ക്ക് വിധേയമായി സസ്പെൻഷൻ പിൻവലിച്ച് ടിയാനെ പരാമർശം (2) പ്രകാരം സർവ്വീസിൽ തിരിച്ചെടുത്തു.

5) ശ്രീ.കെ.ജി.രാജൻ നടത്തിയ സാമ്പത്തിക ഇടപാട് കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 16-ാം ചട്ടത്തിന്റെ ലംഘനമായതിനാലും ടിയാന്റെ പ്രവൃത്തി കാരണം വനം വകുപ്പിന്റെ സൽപ്പേരിന് കളങ്കം വന്നതിനാലും പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

6) തുടർന്ന് ശ്രീ.കെ.ജി.രാജൻ ഫയൽ ചെയ്ത 37/2017 അപ്പീലിൽ ടിയാനെതിരെ ഉണ്ടായിരുന്ന ശിക്ഷാവിധി റദ്ദാക്കി ടിയാനെ നിരപരാധിയായി ഉത്തരവായിട്ടുള്ളതിനാലും ശ്രീമതി.വസന്തകുമാരി പുനലൂർ സബ്കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്.63/16 സിവിൽ കേസിലും പരാതിക്കാരിയുടെ ആരോപണങ്ങൾ ശരിയല്ലായെന്ന് കോടതി വിധിച്ചിട്ടുള്ളതിനാലും ടിയാനെ അച്ചടക്ക നടപടിയിൽ നിന്നും കുറ്റവിമുക്തനാക്കി പരാമർശം (4) പ്രകാരം ഉത്തരവായി.ടിയാൻ 30.4.2017ൽ സർവ്വീസിൽ നിന്നും വിരമിച്ചു.

7) ശ്രീ.കെ.ജി.രാജനെ അച്ചടക്ക നടപടിയിൽ നിന്നും കുറ്റവിമുക്തനാക്കിയിട്ടുള്ളതിനാൽ ടിയാന്റെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിന് ടിയാൻ സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ലഭ്യമാക്കി.

8) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. അച്ചടക്ക നടപടിയിൽ നിന്നും ശ്രീ.കെ.ജി.രാജൻ, റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ കുറ്റവിമുക്തനാക്കി ഉത്തരവായിട്ടുള്ളതിനാൽ ടിയാന്റെ 24.03.2017 മുതൽ 17.04.2017 വരെയുള്ള സസ്പെൻഷൻ കാലയളവ് ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവനബത്ത

കഴിച്ചുള്ള മുഴുവൻ ശമ്പളവും അലവൻസും സഹിതം എല്ലാകാര്യത്തിനും ഡ്യൂട്ടിയായും 18.04.2017 മുതൽ ജോലിയിൽ തിരികെ പ്രവേശിച്ചതുവരെയുള്ള ഇടവേള കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 56 ബി (9) ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശനകാലമായോ, അർഹമായ അവധിയായോ ഇവരണ്ടുമായോ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.പ്രവീൺ
ജോയിന്റ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.ജി.രാജൻ, റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (അഗ്രി-ബി 2/221/17-ധന പ്രകാരം)
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid
Digitally signed by BIJI K
Date: 2018.09.17 17:11:18 IST
Reason: Approved